(ബി) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് സർക്കാർ തയ്യാറാക്കിയ പ്രൊപ്പോസലിൽ ഈ പദ്ധതി ഉൾപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ശിപാർശയുടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) പദ്ധതിക്ക് നബാർഡിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്ന വിശദമാക്കുമോ ?

ഉത്തരം

(എ-സി) ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി നബാർഡ് XX- ൽ ഉൾപ്പെടുത്തുകയും നബാർഡിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത

229 (937) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാത പദ്ധതിയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിച്ചെലവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) കൊല്ലം തോടിന്റെ ഭാഗത്തു താമസിച്ചിരുന്നവരുടെ പുനരധിവാസ പദ്ധതി പൂർത്തിയായ സാഹചര്യത്തിൽ കൊല്ലം - കോവളം ജലപാതയുടെ നിർമ്മാണം ഉടനെ ആരംഭിക്കുമോ ?

ഉത്തരം

(എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയിൽ നടത്തിവരുന്ന നിർമ്മാണ പ്രവർത്തനത്തിന്റെ ഫലമായി ഈ ജലപാതയിലാകെ ഒറ്റവരി ഗതാഗത സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ആലപ്പുഴയ്ക്കും കൊല്ലത്തിനുമിടയ്ക്ക് കുറച്ച് ഭാഗങ്ങൾ കൂടി ആഴം കൂട്ടാനുള്ള പണികളും മറ്റും പൂർത്തീകരിച്ചാൽ ഈ ജലപാതയിലാകെ 2 വരി ഗതാഗത സംവിധാനം നിലവിൽ വരും. അവശേഷിക്കുന്ന പണികൾ കൂടി പൂർത്തീകരിച്ച് 2015-ആദ്യത്തോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്നാണ് ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർണ്ണ ചുമതല വഹിക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർ വെയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI)അറിയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയുടെ നിർമ്മാണച്ചെലവ് പൂർണ്ണമായും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്.

(സി) ദേശീയജലപാതയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആഴം കൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമാകാത്തതും ഇപ്രകാരം ലഭിക്കുന്ന മണലിനെ ചൊല്ലി നാട്ടുകാർ ഉന്നയിക്കുന്ന അവകാശ വാദങ്ങൾ, ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീനവലകൾ, ഊന്നിവലകൾ എന്നിവയും കൊല്ലം-ചവറ ഭാഗങ്ങളിൽ ദേശീയ ജലപാതയിൽ കാണുന്ന വളരെ കട്ടി കൂടിയ പ്രതലം (Under Water Laterite bed) മുതലായവയാണ് പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസത്തിനുള്ള പ്രധാന കാരണങ്ങൾ.

(ഡി) കൊല്ലം തോടിന്റെ ഭാഗത്തു താമസിച്ചിരുന്നവരുടെ പുനരധിവാസ പദ്ധതി പൂർണ്ണമായും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. പുനരധിവാസ പദ്ധതി പൂർത്തിയായ ഭാഗങ്ങളിലെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ബാക്കി ഭാഗത്തെ (ഏകദേശം 2.50 കി.മീ. ഭാഗം) പുനരധിവാസം പൂർണ്ണമാകുന്ന മുറയ്ക്ക് ആ ഭാഗങ്ങളിലെ പ്രവൃത്തി പ്രാവർത്തികമാക്കാൻ വേണ്ടി നടപടികൾ സ്വീകരിക്കുന്നതാണ്. ഇതുംകൂടി പൂർത്തീകരിച്ചാൽ കൊല്ലംതോട് പൂർണ്ണമായും ഗതാഗത യോഗ്യമാക്കാവുന്നതാണ്.

ക്ഷേമനിധി ആനുകൂല്യങ്ങൾ

230 (938) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേമനിധി ആനുകൂല്യങ്ങൾ ആധാർ അധിഷ്ഠിത ബാങ്ക് വഴി വിതരണം ചെയ്യുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനം വഴിയുള്ള ആനുകൂല്യങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly